(ബി) ഭാവിയിൽ ഇത്തരം മലിനീകരണം സംഭവിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ എടുക്കാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കൊച്ചിൻ റിഫൈനറിയോടെ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ വേണ്ട എല്ലാ പ്രതിരോധ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും പൊതുജനങ്ങൾക്ക് ആവശ്യമായ എല്ലാ സുരക്ഷാ സംവിധാനങ്ങളും ഒരുക്കിയിട്ടുള്ള വിധത്തിലാണ് പ്ലാന്റ് രൂപകൽപ്പന ചെയ്തിട്ടുള്ളതെന്നും കൊച്ചിൻ റിഫൈനറിയിൽനിന്നും അറിയിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ വർഷം ചിത്രപ്പുഴയിൽ മത്സ്യനാശം സംഭവിക്കാൻ ഇടയായത് എഫ്.എ.സി.ടി. കൊച്ചി ഡിവിഷനിൽനിന്നുള്ള മലിനജലം നിമിത്തമാണെന്നുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ കളക്ടർ പ്രസ്തുത കമ്പനിയും പബ്ലിക് വയബിലിറ്റി ഇൻഷ്വറൻസ് നിയമപ്രകാരം നഷ്ടപരിഹാരം നൽകണമെന്ന് പോളിസി നൽകിയിരിക്കുന്ന യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയോട് ആവശ്യപ്പെട്ടു. 1233 മത്സ്യത്തൊഴിലാളികൾക്കായി 38,77,500 രൂപ വിതരണം ചെയ്യുവാൻ പ്രസ്തുത നിയമത്തിന്റെ 7-ാം സെക്ഷൻ പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ ഇൻഷ്വറൻസ് കമ്പനി, കളക്ടറുടെ ഉത്തരവിനെതിരെ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. കോടതി ഇതിൽ വിധി പ്രഖ്യാപിച്ചിട്ടില്ല.

(ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കൊച്ചി മേഖലയിലെ മലിനീകരണ സാദ്ധ്യതയുള്ള കമ്പനികൾക്ക് മലിനജലം ശുദ്ധീകരിച്ച് പുറത്ത് വിടുന്നതിന് കർശന നിബന്ധനകളോടുകൂടിയ അനുമതിപത്രം നൽകിയിട്ടുണ്ട്. നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ബോർഡിന്റെ എറണാകുളം മേഖലാ ഓഫീസിലെ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുന്നതിന് പുറമേ ഹെഡ് ആഫീസിൽനിന്നുള്ള എൻവയോൺമെന്റൽ സർവയലൻഡ് സ്ക്വാഡ് മിന്നൽ പരിശോധനകൾ നടത്തുകയും ചെയ്യുന്നു. പരിശോധനകളിൽ കണ്ടുപിടിക്കപ്പെടുന്ന കുറവുകളും പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ ഉൾപ്പെടെയുള്ള കർശനമായ നടപടികൾ ബോർഡ് എടുത്തുവരുന്നു.

വ്യവസായ പാർക്കുകൾ

18(1359) <u>ശ്രീ. പി.കെ. കുമാരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഇവയിലൂടെ എത്ര ആളുകൾക്ക് പുതുതായി തൊഴിൽ നൽകുവാൻ കഴിഞ്ഞു?

<u>ഉത്തരം</u>

(എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

1. ഫിലിം വീഡിയോ പാർക്ക്, കഴക്കൂട്ടം

LIBRARY ARCHIVES Kerala Legislative Assembly

2. ചെറുകിട വ്യവസായ പാർക്ക്, ശീതഗോളി, കാസർഗോഡ് ജില്ല.

3. ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ ജില്ല.

4. ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ, എറണാകുളം ജില്ല.

5. ഐരാപുരത്ത് റബ്ബർ പാർക്ക്

സിഡ്കോയുടെ ആഭിമുഖ്യത്തിൽ 37 വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) എറണാകുളത്തെ എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ പ്രവർത്തനമാരംഭിച്ച കെ.സി.പി.എൽ. എന്ന കമ്പനിയിൽ 86 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

വ്യവസായികൾ യൂണിറ്റുകൾ തുടങ്ങുന്ന മുറയ്ക്കേ നേരിട്ടുള്ള തൊഴിലവസരങ്ങൾ ഉണ്ടാകുകയുള്ളു.

ചവറ കെ.എം.എം.എൽ. ന്റെ വികസനം

19 (1360) ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. എ.കെ. മണി :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ കെ.എം.എം.എൽ-ന്റെ വികസനത്തിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ വികസനത്തിന് എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ചവറ കെ.എം.എം.എൽ-ന്റെ വികസനത്തിനുവേണ്ടിയുള്ള തുക എപ്രകാരം ഉണ്ടാക്കാമെന്നാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ കമ്പനിയുടെ വികസനാർത്ഥം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എന്തു തുക ചെലവാക്കി;

(ഇ) എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എം.എം.എൽ.ന്റെ വികസനത്തിനുവേണ്ടി താഴെപ്പറയുന്ന നാല് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

1. പ്രതിവർഷം 3 ലക്ഷം മെട്രിക് ടൺ ഇൽമനൈറ്റ് ഉല്പാദിപ്പിക്കുന്നതിന് 292.47 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു മിനറൽ സെപ്പറേഷൻ പ്ലാന്റ് സ്ഥാപിക്കുക.

2. ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് യൂണിറ്റിന്റെ വാർഷികോല്പാദനം 60000 മെട്രിക് ടണ്ണായി ഉയർത്തുന്നതിന് 15.99 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കുക.

3. പ്രതിദിനം 100 മെട്രിക് ടൺ ഓക്സിജൻ ഉല്പാദിപ്പിക്കുന്നതിന് 51.82 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്ലാന്റ് സ്ഥാപിക്കുക.

LIBRARY ARCHIVES Kerala Legislative Assembly